# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004


Prot No CCL 3/2014

## സർക്കുലർ

## 84-ാം പുനരൈക്യ വാർഷികസഭാസംഗമം

ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

84-ാം പുനരൈക്യ വാർഷികം ആഘോഷിക്കാൻ നാം ഒരുങ്ങുകയാണല്ലോ. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ, 1978-ൽ രൂപീകൃതമായതും, മൂന്നാമത്തെ ഭദ്രാസനവുമായ, ബത്തേരിയിൽ 2014 സെപ്തംബർ 18 മുതൽ 20 വരെ പുനരൈക്യ വാർഷികവും സഭാസംഗമവും വിവിധ പരിപാടികളോടെ നാം കൊണ്ടാടുകയാണ്. "ആസന്നഭാവിയിൽ പുനരൈക്യ പ്രസ്ഥാനം പതിന്മടങ്ങ് ശക്തി പ്രാപിക്കുമെന്നുള്ള ശുഭപ്രതീക്ഷകളുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനമേകികൊണ്ടിരിക്കുന്നു" (മഹത്സൂക്തങ്ങൾ, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, പേജ്, 93) എന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകൾ ബത്തേരി ഭദ്രാസനത്തിന്റെ സ്ഥാപനത്തിലൂടെയും വളർച്ചയിലൂടെയും ഇന്നും അന്വർത്ഥമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് ഈ ഭദ്രാസനത്തിൽവച്ച് നാം പുനരൈക്യ വാർഷികം ആഘോഷിക്കുന്നത്.

ഈ വർഷത്തെ പുനരൈക്യ വാർഷികാഘോഷം പരി. ഫ്രാൻസിസ് മാർപാപ്പാ 2014 ഒക്ടോബർ മാസത്തിൽ ആഗോള കത്തോലിക്കാസഭയിൽ കുടുംബനവീകരണത്തിന്റെ വിചിന്തനത്തിനായി വിളിച്ചുകൂട്ടിയിരിക്കുന്ന സുന്നഹദോസിന്റെ പശ്ചാത്തലത്തോടു ചേർന്നാണ് നാം ആചരിക്കുന്നത്. സുന്നഹദോസിന്റെ വിഷയമായ "കുടുംബജീവിതത്തിൽ നേരിടുന്ന വെല്ലുവിളികൾ" നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കാം. പ്രത്യേകിച്ച് നമ്മുടെ ഇടവകകളും കുടുംബങ്ങളും വിശ്വാസത്തിലും ധാർമ്മികതയിലും ശക്തിപ്പെടണം. പരി. മാർപാപ്പാ 'സുവിശേഷത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഇപ്രകാരം പറയുന്നു: "തലമുറകളിൽനിന്ന് തലമുറകളിലേക്ക് ക്രൈസ്തവ വിശ്വാസം പകർന്നു നൽകുന്ന കാര്യത്തിൽ

കത്തോലിക്കർക്കിടയിൽ ഒരു തകർച്ച ഇക്കഴിഞ്ഞ ദശകങ്ങളിൽ ഉണ്ടായിട്ടുണ്ടെന്ന് നമുക്ക് അവഗണിക്കാനാവാത്ത വസ്തുതയാണ്...കുടുംബങ്ങളിൽ സംഭാഷണത്തിനുള്ള അവസരങ്ങളിലെ അഭാവം, സമ്പർക്ക മാധ്യമങ്ങളുടെ സ്വാധീനം, ആപേക്ഷികതാവാദപരമായ വ്യക്തി നിഷ്ഠതാവാദം, വിപണിയെ തീറ്റിപ്പോറ്റുന്ന അനിയന്ത്രിതമായ ഉപഭോഗ സംസ്ക്കാരം, ദരിദ്രരുടെ ഇടയിലുള്ള അജപാലനപരമായ ശ്രദ്ധയുടെ അഭാവം, ഹൃദ്യതയോടെ ആളുകളെ സ്വീകരിക്കുന്ന കാര്യത്തിൽ നമ്മുടെ സ്ഥാപനങ്ങൾക്കുണ്ടാകുന്ന പരാജയം, വിവിധ മതങ്ങളുള്ള പ്രദേശങ്ങളിൽ വിശ്വാസത്തിന്റെ മിസ്റ്റിക്കൽ ബന്ധം പുനഃസ്ഥാപിക്കുന്നതിനുള്ള നമ്മുടെ പ്രയാസം" (EG 70) - ഈ വെല്ലുവിളികളെ നേരിടുന്നതിനുള്ള ആഗ്രഹത്തിന്റെ വെളിച്ചത്തിലാണ് ആഗോളസഭ കുടുംബത്തെ നയിക്കുവാനും ശക്തിപ്പെടുത്തുവാനുമുള്ള നിയോഗത്തോടെ മുന്നോട്ടുവന്നിരിക്കുന്നത് (Instrumentum Laboris on the Challanges of the Family, 18). മലങ്കര സഭയിലെ കുടുംബജീവിത നവീകരണത്തിനുള്ള അവസരമായി ഈ സുന്നഹദോസിന്റേയും പുനരൈക്യ വാർഷികത്തിന്റേയും സന്ദർഭം നമുക്ക് വിനിയോഗിക്കാം. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ (ഉല്പ 1:26) തന്റെ ചരിത്രത്തിലെ പുതിയ സാഹചര്യങ്ങളെ വായിച്ചറിയുവാനും വ്യഖ്യാനിക്കുവാനും അതിനനുസൃതം കുടുംബജീവിതത്തെ ക്രമപ്പെടുത്തുവാനും തയ്യാറാകണം. അങ്ങനെ 84-ാം പുനരൈക്യ വാർഷിക സഭാസംഗമം നമുക്ക് കുടുംബനവീകരണത്തിന്റെ അവസരമാകട്ടെ. ·

വിപുലമായ ആത്മീയശുശ്രൂഷകളാണ് ഈ വർഷത്തെ പുനരൈക്യ വാർഷികവുമായി ബന്ധപ്പെട്ട് ക്രമീകരിച്ചിരിക്കുന്നത്. 2014 സെപ്തംബർ 18-ാം തീയതി ഉച്ചയ്ക്ക് ദീപശിഖാ പ്രയാണത്തോടും വിളംബരഘോഷയാത്രയോടുംകൂടി 84-ാം പുനരൈക്യവാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിക്കുന്നു. അന്നേദിവസം ഉച്ചയ്ക്കുശേഷം 3 മണിക്ക് സാഹിത്യസമ്മേളനവും മാതൃസംഗമവും എക്സിബിഷൻ ഉദ്ഘാടനവും നടക്കുന്നതാണ്. 19-ാം തീയതി രാവിലെ 9 മണിക്ക് എം.സി.സി.എൽ., എം.സി.വൈ.എം., എം.സി.എ. എന്നീ സംഘടനകൾ പരി. ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ചിരിക്കുന്ന കുടുംബനവീകരണവുമായി ബന്ധപ്പെട്ട പ്രത്യേക പഠന സെമിനാറുകൾ ക്രമീകരിച്ചിരിക്കുന്നു. അന്ന് ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് സർവമത സമ്മേളനവും വൈകുന്നേരം 5.30-ന് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ സുവിശേഷ സന്ധ്യയും ഉണ്ടായിരിക്കുന്നതാണ്. 20-ാം തീയതി രാവിലെ 8 മണിക്ക് ആഘോഷമായ വിശുദ്ധ കുർബാനയും തുടർന്ന് പൊതുസമ്മേളനവും നടത്തുന്നതാണ്.

സീറോ-മലബാർ സഭാതലവൻ മാർ ജോർജ്ജ് കർദ്ദിനാൾ ആലഞ്ചേരി, ഇൻഡ്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് സാൽവത്തോരെ പെനാക്കിയോ എന്നിവരും വിവിധ മത-സാമൂഹിക-രാഷ്ട്രീയ നേതാക്കന്മാരും ഈ സഭാസംഗമത്തിൽ നമ്മോടുകൂടി പങ്കുചേരുന്നു. പ്രേഷിതറാലിയോടുകൂടി ഈ സഭാസംഗമം സമാപിക്കുന്നതാണ്. ഈ ആഘോഷങ്ങളിൽ പങ്കുചേർന്ന് നമ്മുടെ സഭാത്മകജീവിതത്തിനും, കുടുംബനവീകരണത്തിനും ഒരു ആത്മീയ ഉണർവ്വ് ലഭിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

ഒക്ടോബർ മാസത്തിൽ റോമിൽ നടക്കുന്ന സുന്നഹദോസിൽ നമ്മുടെ സഭയെ പ്രതിനിധീകരിച്ച് ഞാൻ പങ്കെടുക്കുന്നതാണ്. സുന്നഹദോസിന്റെ വിജയത്തിനായും, ബലഹീനനായ എനിക്കുവേണ്ടിയും നിങ്ങളുടെ പ്രാർത്ഥനാസഹായം ഞാൻ അപേക്ഷിക്കുന്നു.

ദൈവം നിങ്ങളേവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവം,

+Baselios Cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവാ

01-09-2014
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

NB:- ഈ സർക്കുലർ അടുത്ത ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.